**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**19 APRIL 2019**
**12 SHABAAN 1440 AH**

# 19 APRIL 2003-2019/ 19 ഏപ്രിൽ- 2003-2019

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **19 ഏപ്രിൽ- 2003-2019** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ്! ഇന്ന് (ഏപ്രിൽ 19) ഈ നൂറ്റാണ്ടിലെ ദൈവീകദൃഷ്ടാന്തത്തിന്റെ പദ്ധതിക്ക് തുടക്കമിട്ടിട്ട് 16 വർഷങ്ങൾ പിന്നിടുകയാണ്. നൂറ്റാണ്ടുകൾ തോറും സംഭവിക്കുന്ന ചരിത്രസംഭവമാണിത്. അത് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ നാലാം ഖലീഫയുടെ മരണവും, അല്ലാഹുവിന്റെ കരങ്ങളിലെ ബൈഅത്തും, അന്നേ ദിവസം സംഭവിക്കുകയുണ്ടായി. ഞാനീ പ്രസംഗം നിങ്ങൾക്ക് നല്കുന്നതിനായി എഴുന്നേല്കുന്നതിന് മുൻപായി, അല്ലാഹുവിൽ നിന്ന് എനിക്ക് അനേകം പ്രധാനപ്പെട്ട സന്ദേശങ്ങൾ ലഭിക്കുമെന്ന് കരുതുന്നു. പ്രസ്തുത വെളിപാടുകൾ എന്റെ പ്രസംഗവേളയിലോ അതിനുശേഷമോ എനിക്ക് ലഭിക്കുമെന്നാശിക്കുന്നു. എങ്ങനെ ആയാലും ഇവയാകുന്നു സന്ദേശങ്ങൾ (ഹുസൂർ (atba) ന് പ്രസ്തുത സന്ദേശങ്ങൾ ലഭിക്കുന്നു. അതു സംബന്ധമായി അദ്ദേഹം ബോധവനാകുന്നു) അത് തഃമസംവിനാ എന്റെ അനുചരന്മാർക്കും ലോകത്തിനുമായി പങ്കുവെക്കുന്നതാണ് ഇൻശാ അല്ലാഹ് !

(അല്ലാഹുവിന്റെ ഖലീഫ- ഖലീഫത്തുല്ലാഹ് (atba) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെയും ദൈവീക ദൃഷ്ടാന്തത്തിന്റെയും കാലാനുക്രമ ചരിത്രവും ഈ ദിനത്തിന്റെ പ്രാധാന്യത്തെയും പറ്റി സംസാരിക്കുകയുണ്ടായി. അദ്ദേഹവും (ഖലീഫത്തുല്ലാഹ്) അദ്ദേഹത്തോടൊപ്പം ദൈവീകവെളിപാടുകൾ എഴുതുന്നതിനായി കൂടെ

എപ്പോഴും ഉണ്ടായിരുന്ന ഒരാളും-ആരുടെമേലായിരുന്നോ അല്ലാഹു(ത) വളരെ അനുഗ്രഹങ്ങൾ ചെയ്തത് (സ്ഫറുല്ലാഹ് ഡുമൂൺ സാഹിബ്) അദ്ദേഹവും, ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ച മറ്റ് വിശ്വാസികളും, കാട്ട്റെ-ബോൺസ് സ്റ്റഡിസർക്കിളിൽ ഒരുമിച്ചുകൂടുകയുണ്ടായി. പ്രസ്തുത ദിനത്തിലാണ് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ 4-ാം ഖലീഫ മരണപെടുന്നത്. ഈ ദിനത്തിൽ സഫറുല്ലാ ഡുമൂൺസാഹിബ്, അമീറുൽ മുഅ്മിനീൻ ഹസ്രത് മുനീർ അഹ്മദ് അസീം അവർകളോടു ഒരു ചോദ്യം ചോദിക്കുകയുണ്ടായി. വിശ്വാസികളിൽ നിന്ന് ബൈഅത്ത് സ്വീകരിക്കുവാനുള്ള ഏതെങ്കിലും വെളിപാടുകൾ അങ്ങേയ്ക്ക് ലഭിക്കുകയുണ്ടായോ?

ഹുസൂർ (atba) പറഞ്ഞു അതായത് പ്രസ്തുത സമയം വരെയും അപ്രകാരം സന്ദേശമൊന്നും തനിക്ക് ലഭിച്ചിട്ടില്ലാ എന്ന്! അപ്രകാരം വെളിപാടുകളൊന്നും അല്ലാഹുവിൽ നിന്ന് ലഭിക്കാത്ത സാഹചര്യത്തിൽ, അദ്ദേഹത്തിന് അല്ലാഹുവിൽ നിന്ന് വെളിപാടു ലഭിക്കുക എന്ന് പറയുവാൻ സാധ്യമല്ല. വെളിപാടുകൾ സംബന്ധമായി കളവു പറയൽ അല്ലാഹുവിന്റെ പക്കൽ വളരെ ഗുരുതരമായ കുറ്റം തന്നെയാണ് എന്ന് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു.

ഇതേ സ്റ്റഡിസർക്കിളിൽ വെച്ചുതന്നെയായിരുന്നു, ആ ദൈവീകസന്ദേശം വന്നത്. അതിലൂടെയാണ് അല്ലാഹു (ത) താൻ തന്നെ, സ്വയം വെളിപ്പെടുത്തിക്കൊടുത്തത്, അതേതുടർന്ന് പ്രഥമ ബൈഅത്ത്, നടക്കുകയുണ്ടായി, അവിടെ സന്നിഹിതരായിരുന്നവരെല്ലാം അല്ലാഹുവിന്റെ കരങ്ങളിൽ (ഖലീഫത്തുല്ലാഹ്‌യുടെ കരങ്ങൾ അതിന് പ്രാധിനിത്യം വഹിക്കുകയുണ്ടായി) ബൈഅത്ത് ചെയ്യുകയുണ്ടായി. ഇതോടൊപ്പം ഹുസൂർ (atba) ചില പേരുകൾ എടുത്തുപറയുകയുണ്ടായി. എം. രാംജാൻ സാഹിബും, അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും അവിടെ സന്നിഹിതരായിരുന്നു. അവർ അവിടെ വച്ച് ബൈഅത്ത് ചെയ്യുകയുണ്ടായി. അതുകൊണ്ട് അദ്ദേഹം ഒരു മുന്നറിയിപ്പ് നല്കുകയുണ്ടായി. ഈ ബൈഅത്ത് ചെയ്തവരെ ഉപദേശിക്കുകയും ചെയ്തു. (ഈ ദൈവീക ദൃഷ്ടാന്തത്തിന് പുറം തിരിഞ്ഞു നില്ക്കുന്നവർ) ഗൗരവമായി ചിന്തിക്കട്ടെ, അവർ എന്താണ് ചെയ്തതെന്ന്?

എന്നിട്ട് ഹുസൂർ (atba) പറഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സത്യത്തെ ശക്തിപ്പെടുത്തുന്നത് അല്ലാഹു(ത) ആകുന്നു.

അവൻ തെരഞ്ഞെടുത്തവനെ സഹായിക്കുന്നതും അവൻ തന്നെ. അവന്റെ അനുഗ്രഹത്താലാണ് അവൻ മറ്റു ജനതയെ മറ്റു രാജ്യങ്ങളിൽ നിന്നും നിയോഗിക്കുന്നത്. അവർ അവന്റെ സത്യത്തിൽ വിശ്വസിക്കുകയും, ദൈവീക ദൃഷ്ടാന്തത്തെ സ്വീകരിക്കുകയും. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുകയും ചെയ്യുന്നത് അവന്റെ കാരുണ്യം കൊണ്ടാണ്. അൽഹംദുലില്ലാഹ്!

(2019 ഏപ്രിൽ 19,20 തീയതികളിൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ (സിറാജ്മാക്കിൻ) കേരളത്തിലെ വനിതാവിഭാഗം നടത്തുന്ന സമ്മേളനത്തെ ഹുസൂർ (atba) അനുസ്മരിക്കുകയും, ഈ അനുഗ്രഹീത ദിനത്തിൽ ആരംഭിക്കുകയും 20-ാംതീയതി അവസാനിക്കുകയും ചെയ്യുന്ന ഈ സമ്മേളനത്തിന് ഭാവുകങ്ങൾ നേരുകയും ചെയ്തു. ഈ അനുഗൃഹീത സമ്മേളന വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു)

## THE MONTH OF SHABAAN /ശഅ്ബാൻ മാസം

നിങ്ങൾക്കറിയാവുന്നതുപോലെ, നാമിപ്പോൾ ശഅ്ബാൻ മാസത്തിലാണ്, ഇത് ശഅ്ബാൻ മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച ഖുത്തുബയാണ് ഞാൻ നിർവ്വഹിക്കുന്നത്. അതുകൊണ്ട് ശഅ്ബാനും അതിന്റെ പ്രാധാന്യവും എന്ന വിഷയത്തെ ഇന്നത്തെ ഖുത്തുബയിൽ ഞാൻ ഉൾപ്പെടുത്തുകയാണ്. ശഅ്ബാൻ ഇസ്ലാമിക കലണ്ടറിലെ എട്ടാമത്തെ മാസമാകുന്നു. ശഅ്ബാന് ശേഷമാണ് നമ്മുടെ അനുഗൃഹീതമായ **റമദാൻ** സമാഗതമാകുന്നത്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ശഅ്ബാൻ മാസത്തിന് വളരെ വലിയ പ്രാധാന്യം നല്കിയിട്ടുണ്ട്. ഹസ്രത് ആയിശാ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ വ്രതമനുഷ്ഠിക്കുമായിരുന്നു, വ്രതാമനുഷ്ഠാനം നിർത്തുകേയില്ല എന്ന് പറയുവോളം! അദ്ദേഹം വ്രതാനുഷ്ഠാനത്തിൽ നിന്നും മാറി നില്ക്കും. അദ്ദേഹം വ്രതാനുഷ്ഠാനം നടത്തുകയേയില്ല എന്ന് ഒരുവൻ പറയുവോളം ! റമദാൻ മാസത്തിലല്ലാതെ അല്ലാഹുവിന്റെ പ്രവാചകൻ പൂർണ്ണമായി ഒരു മാസം വ്രതമനുഷ്ഠിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ശഅ്ബാൻ മാസത്തെക്കാൾ കൂടുതലായി മറ്റൊരു മാസത്തിലും വ്രതമനുഷ്ഠിക്കുന്നതും ഞാൻ കണ്ടിട്ടില്ല (ബുഖാരി, മുസ്ലിം)

ഉസാമ ഇബ്നു സൈദ്(റ) മറ്റൊരു ഹദീസിൽ, ദൈവദൂതൻ(സ)നോട് ചോദിച്ചതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. അല്ലയോ ദൈവ

ദൂതരെ! ശഅ്ബാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നതിനേക്കാൾ കൂടുതലായി മറ്റൊരു മാസത്തിലും അങ്ങ് വ്രതമനുഷ്ഠിക്കുന്നതു ഞാൻ കണ്ടിട്ടില്ല. അദ്ദേഹം പറഞ്ഞു ഈ മാസത്തിന് ജനങ്ങൾ വലിയ വില ഒന്നും കൊടുത്തു കാണുന്നില്ല, പ്രസ്തുത മാസം റജബിന്റെയും റമദാന്റെയും ഇടയിൽ വരുന്ന മാസമാണ്, ഈ മാസത്തിലെ പ്രവർത്തനങ്ങൾ ലോകരക്ഷിതാവിന്റെ സവിധത്തിലേക്ക് എത്തിക്കപ്പെടുന്നതാണ്. എന്റെ പ്രവർത്തനങ്ങൾ ഞാൻ വ്രതാനുഷ്ഠാനത്തിലായിരിക്കുമ്പോൾ അല്ലാഹുവിന്റെ സവിധത്തിൽ എടുക്കപ്പെടുന്നത് ഞാൻ ഇഷ്ടപ്പെട്ടിരുന്നു. (അനസാഇ)

ഈ ഹദീസുകളിൽ നിന്നും നാം മനസ്സിലാക്കുന്നത് അത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ)തന്റെ പ്രവർത്തനങ്ങൾ, ആരാധനകൾ ഈ മാസത്തിൽ അധികരിപ്പിക്കുവാൻ ഇഷ്ട്ടപ്പെട്ടിരുന്നു. അദ്ദേഹത്തിലൂടെ, അദ്ദേഹത്തിന്റെ സുന്നത്തിലൂടെ, ശഅ്ബാന് മാസത്തിലെ നമ്മുടെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നതാണ് എന്ന് നാം മനസ്സിലാക്കുന്നു. അതുകൊണ്ട് തന്നെ നമ്മുടെ പ്രവർത്തനങ്ങൾ, ആരാധനകൾ പരമാവധി ചെയ്യേണ്ടതാണ്, നമ്മുടെ നല്ല പ്രവർത്തനങ്ങൾ അല്ലാഹു(ത) സ്വീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്, നമ്മുടെ പാപങ്ങളും തെറ്റുകളും, അല്ലാഹു(ത) പൊറുത്തുതരുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)ന് അല്ലാഹുവിനോട് അത്യഗാധമായ സ്നേഹമാണുണ്ടായിരുന്നത് അദ്ദേഹം തന്നെ തന്നെ അല്ലാഹുവിനായി ത്യാഗം ചെയ്യുവനായി സന്നദ്ധനുമായിരുന്നു. അങ്ങനെ അല്ലാഹുവിന്റെ സംപ്രീതി ലഭിക്കുവാൻ അദ്ദേഹം അത്യധികമായി ആഗ്രഹിച്ചിരുന്നു.

ഒന്നു സങ്കല്പിച്ചു നോക്കു, നാം ദുർബലരായ മനുഷ്യരാണ്, റഹ്മത്തുൻലിൽ ആലമീനായ മുഹമ്മദ് മുസ്തഫ (സ)ന് അല്ലാഹു(ത) യോട് എത്ര വലിയ ഭയമായിരുന്നു, എത്ര മഹത്തായ സ്നേഹമായിരുന്നു. അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ അല്ലാഹുവിലേക്ക് കരേറിപോകുന്നത് ഇഷ്ട്ടപ്പെട്ടിരുന്നു, അദ്ദേഹം പരിശുദ്ധവും പരിപാപനവുമായ വ്രതാനുഷ്ഠാനാവസ്ഥയിലായിരിക്കുമ്പോൾ! ഇനി ഒന്ന് നാം ചിന്തിച്ചുനോക്കു! നാം എത്രമാത്രം മുൻകരുതലുകൾ എടുക്കണമെന്ന്! നാം എത്രമാത്രം ബലഹീനർ ആണ് ! നാം അദ്ദേഹത്തിന്റെ സുന്നത്തിനെ ഏറ്റവും നല്ലനിലയിൽ

പ്രാവർത്തികമാക്കേണ്ടതാണ്. ഈ പരിശുദ്ധമായ ചര്യയിൽ ഒരു ബിദ്അത്തും നാം കൂട്ടിചേർക്കുവാൻ പാടില്ല. കാരണം നാം അദ്ദേഹത്തിന്റെ ചര്യയെ യഥാവിധി പാലിക്കുന്നില്ലെങ്കിൽ, നാം ചെയ്യുന്ന പ്രവർത്തനങ്ങൾ ഒരിക്കലും നല്ലതായിരിക്കില്ല, മറിച്ച് പാപങ്ങളായിരിക്കും, ശരിയായ പാതയിൽ നാം ചരിക്കുന്നതിനു പകരം അല്ലാഹുവിന്റെ മതത്തിൽ ബിദ്അത്തുകൾ കൂട്ടിചേർക്കലായിരിക്കും നാം ചെയ്യുന്നത്.

ശഅ്ബാൻ മാസം വളരെ ശ്രേഷ്ഠമായ ഒരു മാസമാണ് എന്നത് സത്യമായ വസ്തുതയാണ്. നമ്മുടെ മഹാനായ പ്രവാചകൻ(സ) യുടെ സുന്നത്തിനെ നാം യഥാവിധി പിൻതുടരേണ്ടതാണ്.

## SHAB -E-BARAAT : ശഅ്ബാൻ ബറാഅത്ത്

ശഅ്ബാൻ 15 രാത്രിയുടെ പ്രാധാന്യത്തെകുറിച്ച് 2015 ജൂൺ 5-ാം തീയതിയിലെ വെള്ളിയാഴ്ച്ച ഖുത്തബയിൽ ബൈഹഖി റിപ്പോർട്ട് ചെയ്തതായി ഞാൻ പറഞ്ഞ കാര്യം നിങ്ങൾക്ക് കാണാവുന്നതാണ്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. (ശഅ്ബാൻ 15 രാത്രി) അന്നു വ്രതമനുഷ്ഠിച്ചിരുന്നു. അന്ന് വളരെയധികം ഇബാദത്തിൽ അദ്ദേഹം മുഴുകുമായിരുന്നു. ഈ രാത്രിയെ സംബന്ധിച്ച് അദ്ദേഹം പറയുകയുണ്ടായി ഒരുവൻ അല്ലാഹുവിനോട് മാപ്പ് ചോദിച്ചാൽ അവൻ മാപ്പ് ചെയ്യുന്നതാണ്. അവന്റെ കാരുണ്യം ആവശ്യപ്പെടുന്നവർക്ക് അവൻ കാരുണ്യം പ്രദാനം ചെയ്യുന്നതാണ്, അസൂയയാലുവിന് സമയം നീട്ടികൊടുക്കുന്നതാണ്, ഹൃദയരോഗമുള്ളവർക്ക് (സ്വയം അത് മാറ്റുന്നതിനുള്ള, സംസ്ക്കരിക്കുന്നതിനുള്ള സാവകാശം നല്കുന്നതാണ്.)

സത്യം ഇതാണ് അതായത് മുസ്ലിംകൾ എന്നനിലയിൽ, ഈ സുന്നത്തിനെ നാം വളരെയധികം ആദരിക്കേണ്ടതാണ്, അത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ആദരിച്ച നിലയിൽ മാത്രമായിരിക്കണം. നാം പ്രസ്തുത പരിധിവിട്ട് പോകരുത്. അങ്ങനെ ആയാൽ ഇസ്ലാമിന്റെ സുന്നത്തിൽ നിന്നും, നാം അകന്നുപോകും. നാം അവയെ ഇസ്ലാമിനോട് ചേർക്കുയായിരിക്കും ചെയ്യുന്നത്. ഇത് വളരെ ശക്തമായ നിലയിൽ ഇസ്ലാമിൽ നിന്ദാവഹമായ കാര്യമായി പറയപ്പെട്ടുള്ളതുമാകുന്നു.

അൽഹംദുലില്ലാഹ്! ഞാൻ മനസ്സിലാക്കുന്നു എല്ലാ മുസ്ലിംകളും വിശിഷ്യാ, മൗറിഷ്യസിൽ, ഇസ്ലാം മതത്തിൽ ബിദ്അത്തായ കാര്യങ്ങൾ കൂട്ടിചേർക്കാൻ പാടില്ല എന്ന കാര്യം മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്, അതുപോലെ നമ്മുടെ പ്രിയപ്രവാചകൻ (സ) യുടെ സുന്നത്തായ കാര്യങ്ങളിലും ബിദ്അത്ത് കടന്നുവന്നുകൂടാ എന്നുള്ള ചിന്ത ഉണ്ടായി തുടങ്ങിയിരിക്കുന്നു. സത്യത്തിൽ ഇത് ഒരു വളരെ വലിയ ചവിട്ടുപടിതന്നെയാണ്. അതായത് ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യുടെ സുന്നത്ത് അതേ നിലയിൽ പിൻതുടരുന്നവർ വ്രതമനുഷ്ഠിക്കുന്നു. ധാരാളമായി ദുആ ചെയ്യുന്നു. ഇബാദത്ത് ചെയ്യുന്നു. സുന്നത്തും നഫ്ലുമായ നമസ്ക്കാരങ്ങളിലൂടെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനായി അവർ പരിശ്രമിക്കുന്നു. മരണപ്പെട്ട തങ്ങളുടെ കുടുംബാംഗങ്ങളുടെ ഖബ്റുകളിൽ വെയ്ക്കുന്നതിനായി ഹൽവായും റൊട്ടിയും പാകം ചെയ്യുന്ന അനിസ്ലാമിക ആചാരം അനേകം മുസ്ലിംകൾ നിർത്തൽ ചെയ്തിരിക്കുന്നു.

ശ്മശാനങ്ങളിലേക്കു പോകുന്നത് നിരോധിക്കപ്പെട്ട കാര്യമല്ല, മരണപ്പെട്ടവർക്കായി ദുആ ചെയ്യുന്നതും നിരോധിക്കപ്പെട്ട കാര്യല്ല, മറിച്ച്, ശഅ്ബാൻ 15 രാത്രിയിൽ മാത്രമല്ല വർഷത്തിലുടനീളം നിങ്ങൾക്ക് ഖബ്റുകൾ സന്ദർശിക്കാം, ദുആ ചെയ്യാം, ഈ പ്രവർത്തി ഒരുവന് തന്റെ അവസ്ഥയെകുറിച്ച് ചിന്തിക്കാൻ കാരണമായേക്കാം, ഒരു ദിനം, അവനും മരിക്കും അവനും ശ്മശാനത്തിലേക്ക് പോകേണ്ടവൻ തന്നെയാണ് എന്ന ചിന്ത അവനിൽ വളർത്താൻ പ്രേരകമായി തീരാം. ഈ അനിഷേധ്യമായ മരണം സംബന്ധിച്ചുള്ള ചിന്ത, അവനെ നേർവഴിയിലൂടെ നടത്താം, നല്ല പ്രവർത്തനങ്ങൾ ചെയ്യുവാൻ അവനെ സഹായിക്കാം. അങ്ങനെ അവൻ അല്ലാഹുവിന്റെ പ്രീതികരസ്ഥമാക്കിയേക്കാം. ഇൻശാഅല്ലാഹ്!

വിശുദ്ധഖുർആനിലൂടെയും, നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ ഹദീസിലൂടെയും സുന്നത്തിലൂടെയും, സമുദ്രസമാനമായ അറിവ്, നമുക്ക് -മുസ്ലിംകൾക്ക് - അല്ലാഹു (ത)യും അവന്റെ റസൂൽ(സ) നല്കിയിട്ടുണ്ട്. അല്ലാഹുവിന്റെ ഗ്രന്ഥവും പ്രസ്തുത സുന്നത്തും ശരിയായ നിലയിൽ പിന്തുടരുന്നവർ ഒരിക്കലും വഴിപിഴച്ചു പോവുകയില്ല. ഇസ്ലാമിന്റെ അധ്യാ

പനങ്ങളിൽ നമ്മുടെ പ്രിയ പ്രവാചകൻ (സ)യുടെ സുന്നത്തിലും ജനങ്ങൾ വഞ്ചന കാണിക്കുമ്പോൾ, പ്രസ്തുത സമയത്ത് അല്ലാഹു(ത) അവന്റെ ഒരു പ്രതിനിധിയെ നിയോഗിക്കുന്നതാണ്, ഇക്കാലത്ത് നിയോഗിച്ചതുപോലെ, റൂഹുൽ ഖുദ്സുമായി, അവർക്ക് അവരുടെ നേർവഴി കാണിച്ചുകൊടുക്കുവാനായി!

ഖലിഫത്തുല്ലാഹ്യുടെ ഉത്തരവാദിത്വം, നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുകയെന്നതാണ്, നിങ്ങൾക്ക് ഉപദേശം നല്കുക എന്നതാണ് ഇനി നിങ്ങളാണ് തീരുമാനിക്കേണ്ടത് അല്ലാഹുവിന്റെ ഇച്ഛ പ്രകാരം, പ്രസ്തുത ഉപദേശം സ്വീകരിക്കണമോ നിരസിക്കരിക്കണമോ എന്ന്! നിങ്ങളെ അതിലൂടെ സ്വയം സംസ്ക്കരിക്കണമോ അതോ വേണ്ടയോ എന്ന്!

ഷഅ്ബാർ 15 രാത്രി അനുഗ്രഹങ്ങളാൽ നിറയപ്പെട്ടതാണ്. എന്നാൽ റമദാൻ മാസത്തെപോലെ, വിശിഷ്യാ റമദാൻ മാസത്തിലെ അവസാനത്തെ പത്തു രാത്രികളിൽ, അനുഗ്രഹങ്ങളാൽ നിറയപ്പെട്ടതാണ് എന്ന ഈ കാര്യങ്ങൾ മുസ്ലിംകൾ നല്ലപോലെ മനസ്സിലാക്കേണ്ടതാണ്, അല്ലാഹു(ത) എല്ലാം കാണുന്നുണ്ട്, അറിയുന്നുണ്ട്, അവൻ ഹൃദയത്തിന്റെ അഗാധതലങ്ങളെക്കുറിച്ചറിയുന്നുണ്ട്. മനുഷ്യൻ എന്ത് ഉദ്ദേശത്തോടെയാണ് ഈ പ്രവർത്തികൾ ചെയ്യുന്നതെന്നും അവൻ നന്നായി അറിയുന്നുണ്ട്. ഒരു പ്രത്യേക ദിവസം ഒരാൾ വളരെയധികം ഇബാദത്തുകൾ ചെയ്യുകയും, അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യുമെന്നു വിശ്വസിക്കുകയും, പിറ്റേദിവസം അയാൾ വീണ്ടും തെററുകളിലും പാപങ്ങളിലും, ആപതിക്കുകയും ചെയ്താൽ, അയാൾ ചെയ്യുന്ന അത്തരം പ്രവർത്തികൾക്ക് അല്ലാഹുവിന്റെ മുൻപിൽ യാതൊരു വിലയുമുണ്ടായിരിക്കുന്നതല്ല.

ശഅ്ബാൻ മാസം മുസ്ലിംകളുടെ പരിശീലനമാസമാണ്. അവർ സ്വയം ശാരീരികമായും, ധാർമ്മികമായും, ആത്മീയമായും തയ്യാറെടുക്കലാണത്, റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനത്തിനായി ! ശഅ്ബാൻ മാസം അവരെ റമദാൻ മാസത്തിനായി തയ്യാറാക്കുന്നു. വിശ്വാസികൾ അതിനുള്ള പ്രാരംഭനടപടികൾ തുടങ്ങേണ്ടതാണ്. അതിരു ലംഘിക്കാതെ അനുവദീനമായ രീതിയിൽ! അവർ ശിർക്കിൽ ആപതിച്ചു പോകരുത്.

ഇസ്ലാം നിഷ്ക്കർഷിട്ടുള്ള പരിധിക്കുള്ളിൽ നില്ക്കുക, വളരെയധികം ഇഷ്ടത്തോടെയും ആദരവോടെയും നിങ്ങൾ നിങ്ങളുടെ ഇബാദത്തുകളിൽ പ്രവേശിക്കുക. ശഅ്ബാൻ മാസത്തിൽ നഫ്ൽ പ്രവർത്തികൾ, നിർബന്ധ കടമയല്ല. ഇനി ഒരാൾ സ്വയം അത്തരം ആത്മീയ കാര്യങ്ങളിൽ സ്വയം സന്നദ്ധനായി ചെയ്യുന്നുവെങ്കിൽ അത്തരം പ്രവർത്തികൾ ശഅ്ബാൻ, റമദാൻ മാസങ്ങളിൽ മാത്രമല്ല, വർഷത്തിലൂടെനീളം അദ്ദേഹത്തിന് അത് തുടരാവുന്നതാണ്. അപ്പോൾ അങ്ങനെ ചെയ്യുന്ന ഒരാൾ ഒരു യഥാർത്ഥ വിശ്വാസിയാണ് അല്ലാഹു(ത)യും അവന്റെ പ്രവാചകൻ മുഹമ്മദ്(സ) യും ഇസ്ലാമുമായുള്ള അവന്റെ ബന്ധത്തെപ്പറ്റി അവൻ തിരിച്ചറിയുന്നവനാണ്. അത്തരത്തിലുള്ള യഥാർത്ഥ വിശ്വാസികൾ, അവന് കഴിയുന്നതെല്ലാം ചെയ്യുന്നതാണ്. അവൻ പ്രവർത്തിക്കുന്നു, പ്രബോധിക്കുന്നു ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളനുസരിച്ച്, അവൻ ഇസ്ലാമിൽ ഒന്നും തന്നെ കൂട്ടിച്ചേർക്കുന്നില്ല, ഉള്ളതു ഉള്ളതുപോലെ ചെയ്യുന്നതാണ്.

മാത്രമല്ല, നാം മനസ്സിലാക്കേണ്ട ഒരു കാര്യം, നാം അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നു എന്നവകാശപ്പെടുന്നവർ, അല്ലാഹു(ത) നമ്മെ വിശ്വസിച്ചേലിപിച്ചിട്ടുള്ള എല്ലാ ഉത്തരവാദിത്വങ്ങളും നിറവേറ്റണ്ടതാണ്. റജബ് മാസവേളയിൽ ഞാൻ നല്കിയ വിശദീകരണങ്ങൾ ഓർക്കുക. മിഅ്റാജ് വേളയിൽ(ആത്മീയ വാനാരോഹണവേളയിൽ) അല്ലാഹു(ത) ഹസ്രത് മുഹമ്മദ് മുസ്തഫ(സ)ന് നല്കിയ നിർദ്ദേശം, നമ്മളുടെ ഉമ്മത്തിനോട് ഓരോ ദിവസവും 50 നേരം നിർബന്ധ നമസ്ക്കാരത്തിലേർപ്പെടുവാൻ കല്പിക്കുവാനാണ്. എന്നാൽ മൂസാനബി(അ)ന്റെ ഉപദേശപ്രകാരം (ദർശനാവസ്ഥയിൽ) ഹസ്രത് മുഹമ്മദ് മുസ്തഫ (സ) അല്ലാഹുവിനോടു യാചിക്കുകയുണ്ടായി. നമസ്ക്കാരത്തിൽ എണ്ണം കുറയ്ക്കുവാനായി! അങ്ങനെ നമസ്ക്കാരത്തിൽ നിന്നും കുറയ്ക്കുകയുണ്ടായി. അല്ലാഹു(ത) ആരംഭത്തിൽ കല്പിച്ച 50 നേര നമസ്ക്കാരമായി ഈ അഞ്ച് നേരനമസ്ക്കാരത്തെ എണ്ണപ്പെടുന്നതാണ് എന്ന് പറയുകയുണ്ടായി.

ആയതിനാൽ, ഏറ്റവുമധികം പ്രാധാന്യത്തോടെ, ഈ ഫർസ് നമസ്ക്കാരത്തെ ഏറ്റവുമധികം ആദരിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമാകുന്നു. നിർബന്ധ കടമകൾക്ക് ഒരു മുസ്ലിം ഏറ്റവും

അധികം പ്രാധാന്യം നല്കേണ്ടതാണ്. ഇവ ദൃഢതരമായ നിലയിൽ തന്നിൽ സ്ഥാപിച്ചു കഴിഞ്ഞാൽ, നഫ്ൽ നമസ്ക്കാരങ്ങൾ (നിർബന്ധമല്ലാത്ത പ്രാർത്ഥനകൾ) നിർവ്വഹിക്കാവുന്നതാണ്. ഇത് അല്ലാഹുമായുള്ള ബന്ധത്തെ ശക്തികൂട്ടുന്നതാണ്. നഫ്ൽ നമസ്കാരത്തെക്കുറിച്ച് അല്ലാഹു(ത) സ്വയം തന്നെ ശുപാർശ ചെയ്തിട്ടുള്ളതാകുന്നു. പ്രവാചകൻ(സ) തഹ്ജ്ജൂദ് എന്നും പറഞ്ഞുതരുകയുണ്ടായി. അല്ലാഹു(ത) ഖുദ്സിയായ ഹദീസിൽ പറഞ്ഞിരിക്കുന്നു.

അബൂഹുറൈ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ദൈവദൂതൻ (സ) പറഞ്ഞു. നമ്മുടെ രക്ഷിതാവായ അല്ലാഹു (ത) ഓരോ രാത്രിയുടെയും അന്ത്യയാമങ്ങളിൽ ഒന്നാനാകാശത്തേക്ക് ഇറങ്ങിവരുന്നതാണ്. അപ്പോൾ 1/3 രാത്രി അവശേഷിച്ചിട്ടുണ്ടാകും. എന്നിട്ട് അവൻ പറയുന്നു ആരാണ് എന്നോട് പ്രാർത്ഥിക്കുന്നത്? അവന്റെ പ്രാർത്ഥനയ്ക്ക ഉത്തരം നല്കുന്നതാണ്. ആരാണ് എന്നോട് എന്തെങ്കിലും ആവശ്യപ്പെടുന്നത് അവന് ഞാനത് നല്കുന്നതാണ്. ആരാണ് എന്നോട് പാപമോചനത്തിനായി അർത്ഥിക്കുന്നത്? ഞാൻ അവന്റെ പാപം പൊറുത്തുകൊടുക്കുന്നതാണ്. (ബുഖാരി, മുസ്ലിം, മാലിക്, തിർമിദി, അബൂദാവൂദ്)

മുസ്ലിം റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീസിൽ, പ്രസ്തുത ഹദീസ് അവസാനിക്കുന്നത് (പ്രഭാതോദയം വരെയും അപ്രകാരം തുടരുന്നതാണ് എന്നാകുന്നു.)

മറ്റൊരു ഖുദ്സിയായ ഹദീസിൽ അനസ് (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ദൈവദൂതൻ (സ)പറഞ്ഞു. സർവ്വശക്തനായ അല്ലാഹു പറഞ്ഞു അല്ലെയോ ആദമിന്റെ മകനേ നീ എന്നെ വിളിച്ചു പ്രാർത്ഥിക്കുന്നിടത്തോളം, നീ എന്തുതന്നെ തെറ്റുചെയ്താലും ഞാൻ നിനക്ക് പൊറുത്തുതരും, എനിക്ക് അതൊരു ബുദ്ധിമുട്ടുമല്ല. അല്ലെയോ ആദമിന്റെ മകനേ, ആകാശമേഘങ്ങളോളം നിന്റെ പാപങ്ങൾ ഉയർന്നതാണെങ്കിലും, നീ എന്നോട് പാപമോചനത്തിനായി അർത്ഥിച്ചാൽ, ഞാൻ നിനക്ക് പൊറുത്തു തരും, അല്ലെയോ ആദമിന്റെ മകനെ ഭൂമിയോളം വലിപ്പത്തിൽ നീ എന്റെ അരികിൽ പാപവുമായി വന്നാലും, നീ എന്നെ അഭിമുഖീകരിച്ചാലും, എനിക്ക് നീ പങ്കുകാരെ ചേർക്കാതെ വന്നാൽ, ഞാൻ നിന്റെ അരികിൽ അതിനു തുല്യമായ മാപ്പുമായി വരുന്നതാണ്. (തിർമിദി, അഹ്മദ് ഇബ്നുഹമ്പൽ, ഇബ്നുമാജ)

അപ്പോൾ ഞാൻ എന്റെ എല്ലാ അനുചരന്മാരെയും ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ അവശേഷിച്ച എല്ലാ ഉമ്മത്തിനെയും ഉപദേശിക്കുകയാണ്. നിങ്ങൾ ഇബാദത്തിലും ദിക്ക്റിലും പ്രവേശിക്കുക. സ്ഥിര ചിത്തത നേടുക, എല്ലാ ദിനത്തിലും! കാരണം ഓരോ ദിനത്തിലെയും ജീവിതം നിങ്ങൾക്ക് അല്ലാഹു നല്കുന്ന ഒരു സമ്മാനമാണ്. അതിലൂടെ നിങ്ങൾക്ക് അവന്റെ സന്നിധിയിലേക്ക് എത്തിപ്പെടാൻ സാധിക്കുന്നതാണ്. അല്ലാഹുവിന്റെ മാപ്പ് ലഭിക്കുവാനായി ഒരു പ്രത്യേക ദിവസത്തിനായി കാത്തിരിക്കേണ്ടതില്ല. നിങ്ങളുടെ തെറ്റുകളും, പാപങ്ങളും, അവനെപ്പോഴും മാപ്പാക്കുന്നതാണ്. നിങ്ങൾക്ക് നല്കിയ അനുഗ്രഹീത രാത്രികളിൽ നിങ്ങൾ സന്തുഷ്ടരാകുക. അതെ ! ഈ രാത്രികളിൽ മാത്രം നിങ്ങൾ ആശ്രയിച്ചുപോകരുത്. നിങ്ങളുടെ എല്ലാ തെറ്റുകുറ്റങ്ങളും മാപ്പാക്കപ്പെട്ടിരിക്കുന്നുയെന്നു കരുതി ആഹ്ലാദിക്കരുത്. അതായത് അല്ലാഹു(ത) മാപ്പ് ചെയ്തിരിക്കുന്നു എന്നു കരുതി പോയാൽ, നിങ്ങൾ വീണ്ടും ഇഹലോക ആകർഷണങ്ങളിൽ ആപതിച്ചുപോകാം, അതോടെ തെറ്റിലേക്കും പാപങ്ങളിലേക്കും വീണ്ടും വീണ്ടും ആപതിച്ചു പോകാം.

ഭൗതികതയ്ക്കും ആത്മീയതയ്ക്കും ഇടയിൽ ഒരു സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുവാൻ നിങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ സഹായം അർത്ഥിച്ചുകൊണ്ട് അത്തരം ഒരു സന്തുലിതയ്ക്ക് യത്നിക്കുക. അങ്ങനെ ആയാൽ ഈ ദൗത്യത്തിൽ നിങ്ങൾ വിജയിക്കും. അല്ലാഹു (ത) അത് നിങ്ങളിൽ ഏല്പിച്ചകാര്യമാണ്. അതെ അവൻ നമ്മെ ഭൂമിയിലേക്ക് നിയോഗിച്ചപ്പോൾ നമ്മിൽ ഭരമേല്പിച്ച ദൗത്യമാണത്. നാമൊരിക്കലും പിശാചിന്റെ സഹായികളായി പോകരുത്. നമ്മുടെ മേൽ അല്ലാഹുവിന്റെ പ്രീതി ഉണ്ടാകുവാൻ പര്യാപ്തമായ പ്രവർത്തനങ്ങളിൽ നാം സദാ ഏർപ്പെടേണ്ടതാണ്.

ഇൻശാ അല്ലാഹ് ആമീൻ!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*